©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

2240
31/11/20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ശനി<br><br>Thiruvananthapuram,<br>Saturday | 2019 ഡിസംബർ 07<br>07th December 2019<br>1195 വൃശ്ചികം 21<br>21st Vrishchikam 1195<br>1941 അഗ്രഹായനം 16<br>16th Agrahayana 1941 | നമ്പർ<br>No. | 3007 |

**കേരള സർക്കാർ**

**നിയമ (നിയമനിർമ്മാണം-എച്ച് ) വകുപ്പ്**

വിജ്ഞാപനം

നമ്പർ 27479/ലെഗ്.എച്ച്.1/2018/നിയമം.

*തിരുവനന്തപുരം, 2019 ഡിസംബർ 7*
*1195, വൃശ്ചികം 21*
*1941അഗ്രഹായനം16 .*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2019 ഡിസംബർ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
അരവിന്ദ ബാബു. പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2019-ലെ 22-ാം ആക്റ്റ്

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ്

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ വരുന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്.—

"(ജിഎ) "ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നർത്ഥമാകുന്നു;";

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) (എം) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എംഎ) "പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി"എന്നാൽ ആക്റ്റിലെ 8എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്നർത്ഥമാകുന്നു;".

3. 8എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8എ. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി.—പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ച്, ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി സർക്കാരിന് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയും പ്രവാസി കേരളീയരുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടിയും 14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ രൂപീകരിക്കാവുന്നതാണ്.".

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ "സഹകരണ സംഘങ്ങളുടെയും,"എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1955-ലെ 12-ാം ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും,"എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA
**Law (Legislation-H) Department**

NOTIFICATION

No.27479/Leg.H1/2018/Law.

*Dated, Thiruvananthapuram 7th December, 2019*
*21st Vrischikam, 1195*
*16th Agrahayana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Non-Resident Keralites Welfare (Amendment) Act, 2019 (22 of 2019).

By order of the Governor,

ARAVINTHA BABU. P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് " published under the authority of the Governor.]

## ACT 22 OF 2019

## THE NON-RESIDENT KERALITES WELFARE (AMENDMENT) ACT, 2019

*An Act further to amend the Non-Resident Keralites Welfare Act, 2008.*

*Preamble.*—WHEREAS, it is expedient further to amend the Non-Resident Keralites' Welfare Act, 2008 (10 of 2009) for the purposes hereinafter appearing;

BE it enacted in the Seventieth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Non-Resident Keralites' Welfare (Amendment) Act, 2019.

(2) It shall be deemed to have come into force on the 22nd day of October, 2018.

2. *Amendment of section 2.*—In section 2 of the Non - Resident Keralites' Welfare Act, 2008 (10 of 2009) (hereinafter referred to as the principal Act),-

(i) after clause (g), the following clause shall be inserted, namely:—

"(ga) "Dividend" means the share of profit on the invested amount, given to the investor by the agency who receives investments as per Non-Resident Keralites' Dividend Scheme;";

(ii) after clause (m), the following clause shall be inserted, namely:—

"(ma) "Non-Resident Keralites' Dividend Scheme" means the non-resident keralites' dividend scheme framed as per section 8A of the Act;".

3. *Insertion of new section 8A.*— After section 8 of the principal Act, the following section shall be inserted, namely:—

"*8A. Non-Resident Keralites' Dividend Scheme.*—The Government may frame a scheme for deposits received from non-resident keralites and for giving a monthly dividend to the depositor consequent to the utilization of the same, in the manner determined by the Government, alongwith the share of Government. For the implementation of the scheme so framed and for other welfare activities of non-resident keralites, the Board may, with the prior approval of the Government setup institutions as per section 14.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. *Amendment of section 14.*—In section 14 of the principal Act, after the words, figures and symbols "Co-operative Societies Act, 1969 (Act 21 of 1969)," the words, figures and symbols "the societies under the Travancore-Cochin Literary, Scientific and Charitable Societies Registration Act, 1955, (Act XII of 1955)," shall be inserted.

5. *Repeal and saving.*—(1) The Non - Resident Keralites' Welfare (Amendment) Ordinance, 2019 (25 of 2019) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019 12 07 08 43 19 -05 30